## സെന്റ്. ജോർജ്ജ്സ് യു.പി. സ്കൂൾ
## വാഴൂർ

PH: 9496267626

Email: stgeorgesupsvzr@gmail.com

# ദർശനം

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്
## സമഗ്ര വിദ്യാലയ വികസനരേഖ
## 2023-2028

വിദ്യാഭ്യാസ ജില്ല : കാഞ്ഞിരപ്പള്ളി

ഉപജില്ല : കറുകച്ചാൽ

# ഉള്ളടക്കം


സ്കൂൾ പ്രൊഫൈൽ ....................

ആമുഖം .................... 01

ലക്ഷ്യങ്ങൾ .................... 02

വിദ്യാലയ ചരിത്രം .................... 02

വിദ്യാലയ വികസന കാഴ്ചപ്പാട് .................... 02

പദ്ധതി രൂപീകരണ പ്രക്രിയ – ഘട്ടങ്ങൾ .................... 03

അവസ്ഥാവിശകലനം .................... 04

വിദ്യാലയ മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ .................... 05

പദ്ധതി വിശദാംശങ്ങൾ – അക്കാദമികം .................... 07

ലൈബ്രറി ശക്തീകരണം .................... 08

ജൈവവൈവിധ്യ ഉദ്യാനം .................... 08

ടാലന്റ് ലാബ് .................... 09

സ്കൂൾ കോർണർ സ്കൂപ്പ് .................... 09

ഭാഷ പഠനം : മലയാളം .................... 10

ഭാഷ പഠനം : ഇംഗ്ലീഷ് .................... 11

ഭാഷ പഠനം : ഹിന്ദി .................... 13

സാമൂഹികശാസ്ത്രം .................... 13

ശാസ്ത്രം, ലാബ്, പോഷകാഹാരം .................... 14

ഗണിതം .................... 15

കമ്പ്യൂട്ടർ ലാബ് .................... 17

ഭിന്നശേഷിക്കാർ – മികവുപുലർത്തുന്നവർ .................... 18

ശുചിത്വ ആരോഗ്യ പ്രവർത്തനങ്ങൾ .................... 18

സ്കൂൾ റേഡിയോ നിലയ പ്രക്ഷേപണം .................... 19

ദിനാചരണങ്ങൾ .................... 19

ജി. കെ. ബോക്സ് (മത്സര പരീക്ഷ പരിശീലനം) .................... 20

ശിശുസൗഹൃദ ക്യാമ്പസ് .................... 20

സ്കൂൾ മാഗസിൻ .................... 21

കുട്ടിയും നേതൃത്വപാഠവവും .................... 21

ജലസംരക്ഷണം ......, മാലിന്യ സംസ്കരണം .................... 22

മണ്ണ് സംരക്ഷണം .................... 22

സ്കൂൾ കലണ്ടർ .................... 23

ലഹരി വിമുക്ത സമൂഹം .................... 23

ജീവകാരുണ്യം .................... 23

പദ്ധതി വിശദാംശങ്ങൾ – ഭൗതികം .................... 24

പ്രതീക്ഷിത നേട്ടങ്ങൾ .................... 24

ഉപസംഹാരം .................... 26

# സ്കൂൾ പ്രൊഫൈൽ

| | | | |
|---|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : | സെന്റ് ജോർജ്ജ്സ് യു.പി. സ്കൂൾ |
| | വിലാസം | : | വാഴൂർ ഈസ്റ്റ് പി.ഒ., കോട്ടയം |
| | ഫോൺ | : | ~~0481 – 2454960~~ 9496267626 |
| 2. | സ്കൂൾ കോഡ് | : | 32452 |
| 3. | വിദ്യാഭ്യാസ ഉപജില്ല | : | കറുകച്ചാൽ |
| 4. | വിദ്യാഭ്യാസ ജില്ല | : | കാഞ്ഞിരപ്പള്ളി |
| 5. | റവന്യൂ ജില്ല | : | കോട്ടയം |
| 6. | ബി. ആർ.സി. | : | കറുകച്ചാൽ |
| 7. | സി. ആർ.സി. | : | ചാമംപതാൽ ജി.എൽ.പി.എസ്. |
| 8. | ഗ്രാമ പഞ്ചായത്ത് | : | വാഴൂർ |
| 9. | ബ്ലോക്ക് പഞ്ചായത്ത് | : | വാഴൂർ |
| 10. | ജില്ലാ പഞ്ചായത്ത് | : | കോട്ടയം |
| 11. | നിയമസഭാ മണ്ഡലം | : | കാഞ്ഞിരപ്പള്ളി |
| 12. | ലോകസഭാ മണ്ഡലം | : | പത്തനംതിട്ട |
| 13. | താലൂക്ക് | : | ചങ്ങനാശേരി |
| 14. | വില്ലേജ് | : | വാഴൂർ |
| 15. | ഇ. മെയിൽ | : | stgeorgesupsvzr@gmail.com |

# ആമുഖം

മലയോര ഗ്രാമസൗന്ദര്യം അണിഞ്ഞു നിൽക്കുന്ന മനോഹരഗ്രാമമാണ് വാഴൂർ. വാഴ്‌വിന്റെ ഊര് - ഐശ്വര്യത്തിന്റെ ഗ്രാമം എന്നർത്ഥം വാഴൂരിനുണ്ട്. ഈ പ്രദേശം ഐശ്വര്യസമൃദ്ധമാണ്. കാർഷികവൃത്തി സാധനയും തപസ്യയുമായി അംഗീകരിച്ചിട്ടുള്ള ആളുകളാണ് ഇവിടെയുള്ളത്. സർവ്വസമുദായ മൈത്രിക്ക് പണ്ടുമുതൽക്കേ പ്രസിദ്ധിയുള്ള പ്രദേശമാണ് വാഴൂർ.

## ലക്ഷ്യങ്ങൾ

1. സൗജന്യ വിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പുവരുത്തുക.
2. പ്രീ പ്രൈമറി മുതൽ എട്ടാം ക്ലാസ്സ് വരെ വിഷയാടിസ്ഥാനത്തിൽ പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകലണ്ടർ രൂപപ്പെടുത്തൽ
3. എല്ലാ ക്ലാസ്സിലെ ഭാഷ ഫലപ്രദമായി ഉപയോഗിക്കാനുള്ള കഴിവുണ്ടാക്കുക.
4. സർഗ്ഗാത്മക കലാവാസന വർധിപ്പിക്കാൻ കൂടുതൽ അവസരം നൽകുക.

5. രചനകൾ മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ
6. പ്രതിഭകൾക്ക് മികച്ച പരിശീലനവും ക്ലാസ്സുകളും നൽകൽ
7. ഭിന്നശേഷിക്കാർക്കും മികവ് പുലർത്തുന്നവർക്കും പ്രത്യേക പരിഗണന
8. കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ
9. വിവര സാങ്കേതിക വിദ്യയിലൂടെ നൂതന സംവിധാനങ്ങളിലൂടെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

## വിദ്യാലയ ചരിത്രം

102 വർഷമായി വാഴൂർ 18-ാം മൈലിൽ പ്രവർത്തിച്ചുവരുന്നതും NH 183 ന് അഭിമുഖമായും നിൽക്കുന്ന ഹരിതശോഭയാൽ നിലകൊള്ളുന്ന വിദ്യാഭ്യാസ സ്ഥാപനമാണ് സെന്റ്. ജോർജ്ജ്സ് യു.പി. സ്കൂൾ

കോട്ടയം പനംപുന്നയിൽ റിട്ട. പി.ജെ വർഗീസ് അവർകൾ വാഴൂർ പ്രദേശത്തെ ജനങ്ങളുടെ വിദ്യാഭ്യാസാർത്ഥം ഒരു സ്കൂൾ സ്ഥാപിക്കണമെന്ന് തീരുമാനിക്കുകയും തനിക്ക് വാഴൂർ 18-ാം മൈലിൽ ഉണ്ടായിരുന്ന എസ്റ്റേറ്റിൽ രണ്ട് ഏക്കർ സ്ഥലത്ത് കൊല്ലവർഷം 1099ൽ അതായത് ക്രിസ്താബ്ദം 1924ൽ സ്വന്തം ചെലവിൽ സ്കൂൾ ആരംഭിക്കുകയും ചെയ്തു. അതിന് സെന്റ്. ജോർജസ് ഇംഗ്ലീഷ് മിഡിൽ സ്കൂൾ എന്ന് നാമകരണം ചെയ്തു.

അന്ന് രാജഭരണമായിരുന്നു. തിരുവിതാംകൂർ മഹാരാജാവ് ശ്രീമൂലം തിരുനാൾ നാടു വാഴുന്ന കാലം വൈക്കം സത്യാഗ്രഹം നടന്നവർഷം, തിരുവിതാംകൂർ കണ്ട ഏറ്റവും വലിയ വെള്ളപ്പൊക്കം ഉണ്ടായ വർഷം. അങ്ങനെ അവിസ്മരണീയമായ സംഭവങ്ങൾക്കും സാക്ഷ്യം വഹിച്ച വർഷമാണ് അത്.

മാനേജർ ജഡ്ജിയുടെ മകൻ ശ്രീ. ബി. എഫ് വർഗീസ് രണ്ട് ഏക്കർ സ്ഥലവും സ്കൂൾ കെട്ടിടവും മാർത്തോമ്മ സഭയ്ക്ക് എഴുതിക്കൊടുത്തു.

പ്രീ പ്രൈമറി മുതൽ ഏഴാം ക്ലാസ്സ് വരെ വിവിധ ക്ലാസ്സുകളിലായി കുട്ടികൾ പഠിക്കുന്നു. സ്കൂളിന് പല പുരസ്കാരങ്ങളും അവാർഡുകളും ലഭിച്ചിട്ടുണ്ട്. മാർത്തോമ്മ മാനേജ്മെന്റ് ബെസ്റ്റ് യു.പി സ്കൂൾ അവാർഡ് മൂന്നു വർഷം ലഭിച്ചു. കൂടാതെ മനോരമയുടെ പലതുള്ളി പുരസ്കാരവും ഗവൺമെന്റിന്റെ തെളിമ ശുചിത്വ ട്രോഫി എന്നിവ എടുത്തുപറയത്തക്കവയാണ്. 2023-24 അധ്യായന വർഷത്തിൽ "കുപ്പി" എന്ന ഷോർട്ട് ഫിലിമും ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി "മുന്നറിയിപ്പ്" എന്ന പേരിൽ തെരുവ് നാടകവും അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പരിശ്രമത്താൽ സ്കൂളിൽ നടത്തപ്പെട്ടു.

എടുത്തു പറയേണ്ട നേട്ടമാണ് മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്ന വിദ്യാലയം എന്നതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും മികച്ച ഇന്നവേറ്റീവ് സ്കൂൾ അവാർഡ്, വാഴൂർ പഞ്ചായത്തിലെ ഹരിതവിദ്യാലയം പുരസ്കാരം എന്നിവ. സമൂഹത്തിനും രാഷ്ട്രത്തിനും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുള്ളവരുമായ നിരവധി പൂർവ്വവിദ്യാർത്ഥികൾ ഈ സ്കൂളിന് സമ്പത്തായിട്ടുണ്ട്. മുൻ ആഭ്യന്തരമന്ത്രി ശ്രീ. പി. ടി. ചാക്കോ, കാലം ചെയ്ത ബിഷപ്പ് മാർ മാത്യു വട്ടക്കുഴി തിരുമേനി തുടങ്ങിയ പ്രഗത്ഭമതികളായ പൂർവ്വവിദ്യാർത്ഥികൾ സ്കൂളിന് അഭിമാനമാണ്.

## വിദ്യാലയ വികസന കാഴ്ചപ്പാട്

സ്നേഹം, പഠനം, സേവനം, എന്നീ മൂല്യങ്ങൾക്ക് ഊന്നൽ നൽകി എല്ലാക്കുട്ടികൾക്കും പാഠ്യ- പാഠ്യേതര വിഷയങ്ങളിൽ പ്രാവിണ്യം നേടുവാനും വ്യക്തിത്വവികസനം സാധ്യമാക്കുവാനും സ്കൂൾ പ്രവർത്തനങ്ങൾ മുഖേന വ്യക്തികളിലും ഭവനങ്ങളിലും സമൂഹത്തിലും ചലനങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്ന കാഴ്ചപ്പാടിലൂടെയാണ് സെന്റ് ജോർജ്ജസ് യു. പി സ്കൂൾ മുന്നേറുന്നത്.

# പദ്ധതി രൂപീകരണ പ്രക്രിയ-ഘട്ടങ്ങൾ

1. എസ്.ആർ.ജി യോഗത്തിൽ സ്കൂൾ മാസ്റ്റർ പ്ലാൻ നിർമ്മാണരേഖ അവതരിപ്പിക്കലും ചർച്ചയും
2. ക്ലാസ്സ്/വിഷയം അടിസ്ഥാനത്തിൽ അക്കാദമികം-ഭൗതികം എന്നിങ്ങനെ തരംതിരിച്ച് കരട് രേഖ തയ്യാറാക്കൽ
3. കരട് രേഖ എസ്.ആർ.ജി, എസ്.എം.സി, പി.ടി.എ എന്നിവയിൽ അവതരിപ്പിച്ച് നിർദ്ദേശങ്ങൾ സ്വീകരിക്കൽ
4. നിർദ്ദേശങ്ങൾ കൂട്ടിച്ചേർത്ത് സ്കൂൾ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ
5. ജനപ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥികൾ, പി.ടി.എ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ

# അവസ്ഥാ വിശകലനം
## ഭൗതികം

### നേട്ടങ്ങൾ

വിദ്യാലയത്തിന്റെ കാമ്പസ് വൃത്തിയുള്ളതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ജൈവവൈവിധ്യ പാർക്ക്, വിശാലമായ കളിസ്ഥലം, വിദ്യാലയത്തോളം പ്രായമുള്ള മരമുത്തശ്ശൻ, ഓപ്പൺ സ്റ്റേജ്, കിഡ്സ് പാർക്ക്, കുട്ടികളുടെ യാത്രാ സൗകര്യം എന്നിവ വിദ്യാലയത്തിന്റെ അഭിമാനമായി കരുതുന്നു.

### പരിമിതികൾ

ഹൈടെക് ക്ലാസ്മുറികൾ, ആധുനിക സൗകര്യങ്ങളുള്ള ശുചി മുറികൾ, ചുറ്റുമതിൽ, പ്രവേശനകവാടം, കിഡ്സ് പാർക്കിൽ കൂടുതൽ റൈഡുകൾ, സ്മാർട്ട് ക്ലാസ്മുറികൾ എന്നിവയുടെ അഭാവം വിദ്യാലയത്തിന്റെ വളർച്ചയ്ക്ക് തടസ്സമാകുന്നു.

### അക്കാദമികം

അധ്യാപകരുടെ ഒരുമയോടെയുള്ള പ്രവർത്തനമാണ് സ്കൂളിന്റെ പുരോഗതി. കഴിഞ്ഞ വർഷങ്ങളിൽ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പരിശ്രമഫലമായി പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനയാത്രകൾ, ശാസ്ത്ര- കായിക- കലാമേളകൾ, എന്നിവയിൽ ഉയർന്ന ഗ്രേഡ് നേടി. വിജയം കൈവരിച്ചു. പഠന വിരുദ്ധ

പ്രവർത്തനങ്ങളുടെ ഫലമായി ഒട്ടേറെ പടികൾ സം
പ്രാപിച്ചതും സ്കൂളിന്റെ നേട്ടമായി കരുതുന്നു.

## വിദ്യാലയം വികസനത്തിന്റെ പാതയിൽ

പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങളിൽ
കുട്ടികളുടെ സജീവ സാന്നിധ്യം
ശുചിത്വം, ജീവകാരുണ്യം, എന്നിവേഖലകളിൽ പ്രത്യേക
പരിഗണന നൽകി. കുട്ടികളിൽ മൂല്യബോധം വളർത്തുന്നു.

* ശിശുസൗഹൃദവും പരിസ്ഥിതി സൗഹൃദവുമായ വിദ്യാലയം
* പ്രത്യേക പരിഗണന അർഹിക്കുന്നവരെ പരിഗണിക്കൽ
* ഭൗതിക സാഹചര്യങ്ങളുടെ വികസനം.

ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണന

ഔഷധ സസ്യങ്ങൾ, ജൈവവൈവിധ്യം, ആവാസ വ്യവസ്ഥകൾ എന്നിവയുടെ പ്രാധാന്യവും ഇവ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയും പുതുതലമുറയ്ക്ക് കൈമാറുന്നു.

**പരിമിതികൾ**

ആധുനിക സൗകര്യങ്ങളുള്ള ക്ലാസ് മുറികൾ. എല്ലാ ക്ലാസ്സുകളിലും ലാപ്പ്ടോപ്പ്, ലൈബ്രറിക്കും ലാബിനും പ്രത്യേക മുറികളും അലമാരകളും, കലാപഠനത്തിന് വിദഗ്ദ്ധരുടെ സേവനം എന്നിവ അക്കാദമിക പരിമിതികളായി കാണുന്നു.

## പൊതുവിദ്യാലയ സംരക്ഷണപദ്ധതി രൂപീകരണപ്രക്രീയ

**വിവിധഘട്ടങ്ങൾ**

- SRG യോഗത്തിൽ വിഷയാവതരണവും മുന്നൊരുക്കവും
- കരട് രൂപരേഖ തയ്യാറാക്കൽ
- PTA യിൽ അവതരിപ്പിച്ച് നിർദ്ദേശങ്ങൾ സമീകരിക്കൽ
- നിർദ്ദേശങ്ങൾ കൂട്ടിചേർത്ത് SRG യിൽ മെച്ചപ്പെടുത്തൽ
- ജനപ്രതിനിധികൾ, പൂർവ്വവിദ്യാർത്ഥികൾ, PTA, ക്ഷണിക്കപ്പെട്ട അതിഥികൾ ഇവരുടെ സാന്നിദ്ധ്യത്തിൽ പ്രകാശനം ചെയ്യൽ.

സെന്റ് ജോർജ്ജസ് യു.പി സ്കൂൾ വാഴൂർ

വിദ്യാലയം വികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

| ഹ്രസ്വകാലം | മധ്യകാലം | ദീർഘകാലം |
|---|---|---|
| * ഇംഗ്ലീഷ്, മലയാളം, ഹിന്ദി അടിസ്ഥാന ഭാഷാശേഷി വികസനപരിപാടികൾ | ഹിന്ദി, ഇംഗ്ലീഷ്, മലയാളം ഭാഷാപ്രാവീണ്യം നേടുന്നതിനുള്ള പ്രവർത്തനങ്ങൾ | * ജൈവവൈവിധ്യ പാർക്ക് |
| * വായന പരിപോഷണ മാർഗങ്ങൾ | | * പുസ്തകശേഖരണം |
| * ദിനാചരണങ്ങൾ, ചാർട്ട്, പതിപ്പ് എന്നിവയുടെ നിർമ്മാണം, മത്സരങ്ങൾ | * സർഗ്ഗശേഷി വികസന പ്രവർത്തനങ്ങൾ | * ഔഷധത്തോട്ടം നിർമ്മാണം |
| * പഠനവിടവ് നികത്താനുള്ള പ്രവർത്തനങ്ങൾ | * ലൈബ്രറി വിപുലീകരണം | * ഉദ്യാനനിർമ്മാണം |
| * മലയാളം ഇംഗ്ലീഷ്, ഹിന്ദി. അസംബ്ലികൾ | * മികച്ച വായനക്കാരൻ | * കൃഷിത്തോട്ട നിർമ്മാണം |
| * വിഷയാടിസ്ഥാന സർഗവേദികൾ | * മികച്ച എഴുത്തുകാരൻ | * ലഹരിമുക്ത പ്രവർത്തനങ്ങൾ |
| * വിഷയാധിഷ്ഠിത കൈയെഴുത്തുമാസികകൾ | * ചിത്രരചനാ മികവ് | * ജലസംരക്ഷണ പ്രവർത്തനങ്ങൾ |
| | * വായന Wall | * കിഡ്സ് പാർക്ക് |
| * പഠനോപകരണങ്ങൾ, ഉപാധികൾ, ലക്ഷ്യങ്ങൾ, എന്നിവയുടെ യൂണിറ്റ് വൈസ് പ്രവർത്തനങ്ങൾ | * LSS - USS പരിശീലനം | * പോഷകസമൃദ്ധമായ ഉച്ചഭക്ഷണം |
| | * മത്സര പരീക്ഷ തയ്യാറെടുപ്പ് | |
| * പഠനവിനോദയാത്രകൾ അഭിമുഖങ്ങൾ, സർവ്വേ, ചർച്ചകൾ | * പത്രവായന | * മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ |

| | | |
|---|---|---|
| * ചരിത്രവ്യക്തിത്വങ്ങളെ തിരിച്ചറിയൽ<br>* ഗണിതോത്സവങ്ങൾ<br>* ഫുഡ്ഫെസ്റ്റ്<br>* ദൃശ്യാവിഷ്കാരം<br>* ക്വിസ് മത്സരം<br>* ഫാമിലി എന്റർടൈൻമെന്റ് പ്രോഗ്രാം. | * GK Quiz Box<br>* യോഗ, എയ്റോബിക്സ്, സുംബാ<br>* കായിക പരിശീലനം<br>* പരീക്ഷണങ്ങൾ<br>* ഫാൾസ് വാൾ (തുണി പേപ്പർ ചുമരുകൾ)<br>* രചനകൾ (ചിത്രരചന, മഹത്വചനങ്ങൾ | * സ്മാർട്ട് ഹൈടെക് ക്ലാസ്മുറികൾ<br>* ടോയ്ലറ്റുകൾ<br>* ആകർഷകമായ സ്കൂൾകവാടം<br>* സ്കൂൾ കോർണർ മീറ്റിംഗുകൾ |

## ജൈവ വൈവിധ്യ ഉദ്യാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തലം | കാലം | ചുമതല |
|---|---|---|---|---|
| സ്കൂൾ കാമ്പസിനെ ഒരു പാഠപുസ്തകമായി വികസിപ്പിച്ച് പഠനത്തെ പരിസരബന്ധിയും, ജീവിതഗന്ധിയുമാക്കി, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിയാവുകയും ചെയ്യുന്ന വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുകയെന്നതാണ് ലക്ഷ്യം. പാരിസ്ഥിതികാവബോധം സമൂഹത്തിൽ വളർത്തുന്നതിനായ് വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നു. | 1. വൈവിധ്യമാർന്ന സസ്യങ്ങൾ നടൽ<br>2. ഔഷധത്തോട്ട നിർമ്മാണം<br>3. ജൈവവേലി നിർമ്മാണം<br>4. ജല സംരക്ഷണ സംവിധാനങ്ങൾ<br>5. കൃഷിത്തോട്ടം<br>6. മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ<br>7. ഉദ്യാനം മോടി പിടിപ്പിക്കൽ<br>8. ശലഭോദ്യാനം<br>9. പക്ഷി സംരക്ഷണ പ്രവർത്തനങ്ങൾ<br>10. ആവാസ വ്യവസ്ഥകൾ ഒരുക്കൽ (ചെറുകുളം, കുട്ടിവനം, പാടങ്ങൾ, മുളങ്കാട്)<br>11. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ | L.P.<br>U.P.<br>L.P<br>U.P.<br>U.P.<br>U.P.<br>U.P.<br>U.P | വർഷം മുഴുവൻ | അദ്ധ്യാപകർ<br>PTA |

## ടാലന്റ് ലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തലം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഓരോ വിദ്യാർത്ഥികളുടെയും സവിശേഷവും സർഗ്ഗപരവുമായ കഴിവുകൾ കണ്ടെത്തി വളർത്താനും വികസിപ്പിക്കാനും ആവശ്യമായ അവസരങ്ങൾ പഠനപ്രവർത്തനങ്ങളിലൂടെ നൽകുക. | പഠനപ്രവർത്തനങ്ങൾ ദിനാചരണപ്രവർത്തനങ്ങൾ, കലാകായിക പ്രകടനങ്ങൾ എന്നിവയിലൂടെ കഴിവുകളൂടെ അടിസ്ഥാനത്തിൽ കുട്ടികളെ തരം തിരിക്കുന്നു.<br>ഒരേ അഭിരുചിയുള്ള കുട്ടികളെ ഗ്രൂപ്പായി തിരിച്ച് മാർഗ്ഗ നിർദ്ദേശം നൽകുന്നു. കഴിവുകൾ വികസിപ്പിക്കാനുള്ള അവസരങ്ങൾ നൽകുന്നു<br>ഓരോ ഇനത്തിലും പ്രാഗത്ഭ്യം ഉള്ള വ്യക്തികളെ കണ്ടെത്തി അവരിലൂടെ കുട്ടികളുടെ സർഗ ശേഷി വികസിപ്പിക്കൽ<br>സ്കൂൾ ക്യാമ്പസിൽ ഫോൾസ് വോൾ നിർമ്മിച്ച് (തുണി പേപ്പർ) കുട്ടികൾ ചിത്ര രചന കഥാകവിതാ രചനകൾ, മഹത് വാക്യങ്ങൾ ഇവ രേഖപ്പെടുത്തുന്നു. | U.P.<br>L.P | ഹ്രസ്വകാലം | ആർട്ട്സ് ക്ലബ്ബ്<br>അദ്ധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ | |

## സർഗ്ഗശേഷി പരിപോഷണവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തലം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| സ്കൂളിലെ ഓരോ കുട്ടിയുടെയും വ്യക്തിഗതവും കൂട്ടായുമുള്ള പ്രകടനങ്ങളുടെ നിലവാരം ഉയർത്തുകയും പ്രോത്സാഹനം നല്കുകയും ചെയ്യുക. | ആഴ്ചയിൽ ഒരു പിരീഡ് സർഗ്ഗ എന്ന പേരിൽ കുട്ടികൾക്ക് കലാപരിപാടികൾ അവതരിപ്പിക്കാൻ അവസരം ഇംഗ്ലീഷ്, മലയാളം, ഹിന്ദി ഭാഷകളിൽ അവതരണം നടത്താനുള്ള അവസരം<br>ആഴ്ചയിൽ ഒരു ദിവസം സ്കൂൾ റേഡിയോ നിലയം പ്രക്ഷേപണം<br>സ്കൂൾ കോർണർ മീറ്റിംഗ്, സ്പെഷ്യൽ അസംബ്ലി എന്നിവയിൽ കുട്ടികൾ നേതൃത്വം നൽകി കഴിവുകൾ പ്രകടിപ്പിക്കുന്നു.<br>വിവിധ ആഘോഷങ്ങൾ സർഗ്ഗവേദികളാക്കുക.<br>പ്രദേശവാസികളായ കലാകാരന്മാരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും, അവരുടെ കഴിവുകൾ കുട്ടികൾക്ക് പകർന്ന് നൽകുന്നതിനുള്ള അവസരം നൽകുകയും ചെയ്യുന്നു. | L.P.<br>U.P. | ഹ്രസ്വകാലം<br>എല്ലാ വർഷവും തുടരുന്നു | ക്ലാസ് ടീച്ചർ<br>ക്ലാസ് ലീഡർ<br>ആർട്ട് ക്ലബ്ബ് | പൂർവ്വ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി |

## സ്കൂൾ കോർണർ സ്കൂപ്പ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തലം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| വിദ്യാലയവും രക്ഷിതാക്കളും സമൂഹവുമായി ദൃഢമായ ഒരു ബന്ധം ഉണ്ടാക്കുക.<br>കുട്ടികളുടെ പഠനോല്പന്നങ്ങളും അവരുടെ കഴിവുകളും രക്ഷിതാക്കൾക്ക് കാണുവാനുള്ള അവസരം ഉണ്ടാകുന്നു. | 4 വർഷമായി സ്കൂളിൽ നടക്കുന്ന പ്രവർത്തനം തുടരുന്നു.<br>കുട്ടികളെ ഏരിയ അനുസരിച്ച് പല ഗ്രൂപ്പുകളായി തിരിക്കുന്നു.<br>ഓരോ മാസവും ഓരോ ഏരിയായിൽ മീറ്റിംഗ് കൂടുന്നു<br>മീറ്റിംഗിനായി ഏരിയായുടെ ചുമതലയുള്ള രക്ഷിതാവ് ഒരു ഭവനം തെരഞ്ഞെടുക്കുകയും അവിടെ നിശ്ചയിച്ചിരിക്കുന്ന സമയത്ത് ആ ഏരിയായിലെ എല്ലാ ഭവനങ്ങളിൽ നിന്നും മുഴുവൻ അംഗങ്ങളും പങ്കെടുക്കുകയും ചെയ്യുന്നു.<br>സ്കൂൾ പ്രവർത്തനങ്ങളുടെ ഡിസ്പ്ലേയും കുട്ടികൾക്ക് സർഗവാസനകൾ പ്രകടിപ്പിക്കുവാനും അവസരങ്ങൾ നൽകുന്നു. | U.P.<br>L.P. | ഹ്രസ്വകാലം<br>ഒരു വർഷം | വിദ്യാർത്ഥികൾ<br>PTA | |

## സ്കൂൾ കോർണർ സ്കൂപ്പ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തലം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| കുട്ടികളുടെ കഴിവുകളുടെ അവതരണം | അംഗങ്ങൾ പരസ്പരം പരിചയപ്പെടുത്തുന്നു.<br>മീറ്റിംഗിൽ ജനപ്രതിനിധികൾ പങ്കെടുക്കുന്നു.<br>പ്രത്യേക ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>കുട്ടികളുടെയും രക്ഷിതാക്കളുടെയും പ്രശ്നങ്ങൾ, അനുഭവങ്ങൾ തുടങ്ങിയവ അവതരിപ്പിക്കാൻ അവസരം ഒരുക്കുന്നു. | | | PTA<br>വിദ്യാർത്ഥികൾ | PTA |

## അക്കാദമികം - മലയാള ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തലം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന്. | പദതമ്പോല - അക്ഷരം ഉറപ്പിക്കലിന് അക്ഷരക്കാർഡ്, പദക്കാർഡ്, ചിത്രക്കാർഡ് - വാക്കുകൾ നിർമ്മിക്കുക.<br>ചിത്രം - കഥ പറയുന്നു<br>കഥ എഴുതുന്നു<br>കഥാപൂരണം<br>ബാലമാസികകൾ, കഥാപുസ്തകം നൽകുന്നു. വായനയ്ക്ക് അവസരം ഒരുക്കുന്നു.<br>പദപ്രശ്നം പൂർത്തിയാക്കുന്നു.<br>ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>വായനാമൂല - സ്കൂൾ ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ എല്ലാമാസവും വിതരണം ചെയ്യുന്നു. | L.P.<br>L.P.<br>L.P.<br>L.P.<br>U.P.<br>L.P.<br>U. P.<br>L.P.<br>U. P.<br>U. P. | 3 മാസം<br>6 മാസം<br>വർഷം മുഴുവൻ | കുട്ടികൾ<br>ടീച്ചേഴ്സ്<br>ക്ലാസ് ലീഡർ | |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | വായനാക്കുറിപ്പ് തയ്യാറാക്കുന്നു.<br>പതിപ്പ് തയ്യാറാക്കൽ (ഓരോകുട്ടിക്കും) | | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തലം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ലോക വിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് | പത്രവായന - എല്ലാ ക്ലാസിലും വിവിധ പത്രങ്ങൾ കൊടുത്ത് വാർത്തകൾ തയ്യാറാക്കുന്നു. | U.P. | വർഷം മുഴുവൻ | അദ്ധ്യാപകർ<br>കുട്ടികൾ | |
| | അമ്മയുടെ വായന - സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകങ്ങൾ വിതരണം ചെയ്യുന്നു. | | വർഷം മുഴുവൻ | | |
| കുട്ടികളുടെ സർഗശേഷി വികസിപ്പിക്കുക. | സർഗ്ഗവേദി - രണ്ട് മാസം കൂടുമ്പോൾ എല്ലാവരെയും ഒരുമിപ്പിച്ച് സർഗവേദി നടത്തുന്നു. | U.P.<br>L.P. | 6 മാസം<br>വർഷം മുഴുവൻ | അദ്ധ്യാപകർ | |
| | ബാലസഭ - എല്ലാ വെള്ളിയാഴ്ചയും അവസാന പീരീഡിൽ കുട്ടികളുടെ കലാവാസന വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | | 2 മാസം | | |
| | പുസ്കത ചർച്ച - പ്രമുഖരായ വ്യക്തികളുടെ പുസ്തകം എല്ലാ കുട്ടികളും വായിച്ചിട്ട് ചർച്ച ചെയ്യുന്നു. | U.P. | | അദ്ധ്യാപകർ | |
| നാട്ടറിവ് വർദ്ധിപ്പിക്കൽ | വിവിധ പതിപ്പുകൾ - കഥാ പതിപ്പ്, കവിതാ പതിപ്പ്, കടങ്കഥാ പതിപ്പ്, പഴഞ്ചൊൽ പതിപ്പ്, നാടൻ പാട്ടുകൾ, നാടൻ കലാരൂപങ്ങൾ | U. P.<br>L.P. | | | |
| വിവിധ സാഹിത്യ കാരൻമാരെ പരിചയപ്പെടുന്നു. | വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>മാഗസിനുകൾ തയ്യാറാക്കുന്നു | | | | |

**ഇംഗ്ലീഷ് ഭാഷാ പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തലം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| കുട്ടികളിൽ അക്ഷരം വാക്കുകൾ എന്നിവയിലൂടെ ഇംഗ്ലീഷിൽ താല്പര്യം ഉണ്ടാക്കുക. | അക്ഷര കാർഡ്, വേർഡ് ഗെയിംസ് എന്നിവയിലൂടെ ലക്ഷ്യത്തിലെത്തുന്നു. ഒരു വാക്കിൽ നിന്ന് കൂടുതൽ വാക്കുകൾ കണ്ടെത്തുന്നു | L.P. U.P. | 2മാസം | ഇംഗ്ലീഷ് അദ്ധ്യാപിക | |
| വായനയിലൂടെ ഉച്ചാരണ ശുദ്ധിയും വേഗതയും കൈവരിക്കുക | ചെറുകഥകൾ, വാക്കുകൾ ഇവ വായിക്കുന്നു (സമയ ബന്ധിതമായി) പദപ്രശ്നം നിർമ്മിക്കുന്നു. | L.P. U.P. | 2മാസം | Leader | |
| ഇംഗ്ലീഷ് പറയുവാനും സംസാരിക്കുവാനുമുള്ള ശേഷീ വികസനം | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് സ്പീക്കിംഗ്, ഒരു പീരീഡ് വ്യാകരണം. | L.P. U. P. | 6മാസം | Leader | |
| | | | 6മാസം | Students | |
| ഇംഗ്ലീഷ് അവതരണ മികവ് | സംഭാഷണം, സ്കിറ്റ്, കവിത, കഥ... ഇംഗ്ലീഷ് ഫെസ്റ്റ്, സർഗ്ഗവേദി അവതരണം, ഇംഗ്ലീഷ് മാഗസിൻ നിർമ്മാണം. | U. P. / U. P. | 6മാസം | Students | |

**ഭാഷാ പഠനം - ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തലം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| അക്ഷരം ഉറപ്പിയ്ക്കൽ<br>ചിഹ്നങ്ങൾ ഉറപ്പിക്കൽ | അക്ഷര കാർഡുകളും, ചിത്രങ്ങളും ഉപയോഗിക്കുന്നു. നിറങ്ങൾ നൽകുന്നു. ഉചിതമായ ചിഹ്നങ്ങൾ കണ്ടെത്തുന്നു. | U.P. | ഹ്രസ്വ കാലം | ഹിന്ദി അദ്ധ്യാപകൻ | H. M. |
| പുതിയ വാക്കുകൾ സ്വായത്തമാക്കൽ | ചിത്രങ്ങൾ, കഥകൾ, എന്നിവയിലൂടെ മൃഗങ്ങൾ, പക്ഷികൾ, നിറങ്ങൾ ഇവ മനസ്സിലാക്കുന്നു. ചാർട്ട് നിർമ്മാണം. | | | | |
| ഭാഷാപ്രാവീണ്യം നേടുക<br>ഭാഷാസ്നേഹം വളർത്തുക | സംഭാഷണം, വിവരങ്ങൾ, പോസ്റ്ററുകൾ, കത്തുകൾ, ഡയറി, പ്രൊഫൈൽ, സൂചനാ ബോർഡുകൾ ഇവയുടെ നിർമ്മാണം | | ഒരു വർഷം | ഭാഷാ ക്ലബ്ബ് | ഹിന്ദി അദ്ധ്യാപകൻ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തലം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| ഹിന്ദി സംസാരിക്കുവാനുള്ള കഴിവ് നേടുക<br>ഹിന്ദി പ്രായോഗിക തലത്തിൽ ഉപയോഗിക്കുവാൻ പ്രാപ്തനാക്കുക | ക്ലാസ്സിൽ ഹിന്ദിയിൽ സംഭാഷണം ഹിന്ദിവാരാഘോഷം നടത്തുക. ഹിന്ദി ദിവസ്<br>കഥകൾ, കവിതകൾ ഇവയുടെ അവതരണം - അസംബ്ലി, സർഗ്ഗവേദി, സ്കൂൾ റേഡിയോ നിലയം എന്നിവിടങ്ങളിൽ | | ഒരു വർഷം | ഭാഷാ ക്ലബ്ബ് | ലൈബ്രറി |

സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തലം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനത്തിൽ താത്പര്യം വളർത്തുക | ഫീൽഡ് ട്രിപ്പ്<br>കളിയിലൂടെയും കഥയിലൂടെയും | L.P.<br>U.P. | | PTA അദ്ധ്യാപകർ | |
| | മാതൃകകൾ നിർമ്മാണം, മാപ്പ്, ചിത്രം വരയ്ക്കൽ | U.P. | | | |
| ദേശസ്നേഹം ഉണ്ടാക്കുക, രാജ്യത്തിന്റെയും നാടിന്റെയും പഴയകാലങ്ങളെക്കുറിച്ച് അറിയുക. | സർവ്വേ, ദിനാചരണങ്ങൾ<br>പ്രോജക്ടുകൾ, അഭിമുഖങ്ങൾ<br>ചരിത്രാന്വേഷണം, പുരാവസ്തു പ്രദർശനം | U. P. | | S.S.G. | |
| പൊതു സ്ഥാപനങ്ങളുടെ സേവനങ്ങൾ പ്രവർത്തനങ്ങൾ മനസ്സിലാക്കുക. | പഞ്ചായത്ത്, നിയമസഭ സന്ദർശനം.<br>പൊതുസ്ഥാപനങ്ങൾ സന്ദർശനം<br>ബോധവൽക്കരണ ക്ലാസുകൾ | U. P. | | PTA അദ്ധ്യാപകർ | |
| മൂല്യബോധം വർദ്ധിപ്പിക്കുക. | വൃദ്ധർ, അനാഥാലയങ്ങൾ തുടങ്ങിയവ സന്ദർശിക്കുക. | L.P.<br>U. P. | | | |
| പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക. | പൊതുവിജ്ഞാന പ്രശ്നോത്തരി<br>സി.ഡി., ഐ.സി. റ്റി. സാദ്ധ്യത. | | | | |

**പദ്ധതി വിശദാംശങ്ങൾ അക്കാദമികം**

**ലൈബ്രറി ശാക്തീകരണം പദ്ധതികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തലം | കാലം | ചുമതല |
|---|---|---|---|---|
| സ്കൂൾ ലൈബ്രറി വികസിപ്പിക്കുക. | സ്കൂൾ ലൈബ്രറിയിലേക്ക് കൂടുതൽ പുസ്തകങ്ങൾ വീടുകളിൽ നിന്നും വ്യക്തിഗതികളിൽ നിന്നും ലൈബ്രറി ബുക്കുകൾ ശേഖരിക്കൽ | U.P. | ഹ്രസ്വ കാലം | PTA |
| | ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ സ്പോൺസർ ചെയ്യുവാനുള്ള ഉറവിടങ്ങൾ കണ്ടെത്തൽ | | | PTA |
| ലൈബ്രറിയിലേക്ക് കൂടുതൽ ഉൾപ്പെടുത്താനുള്ള സംവിധാനം ഒരുക്കുക | ഭവന ലൈബ്രറികൾ ഏറ്റെടുക്കൽ പണ്ട് ഭവനങ്ങളിൽ ഉപയോഗപ്രദമായിരുന്നതും ഇപ്പോൾ ആ പുസ്തകങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം കല്പിക്കുന്നില്ലാത്തതുമായ പുസ്കതങ്ങൾ വീട്ടുകാരുടെ സമ്മതപ്രകാരം സ്കൂൾ ലൈബ്രറിയിലേക്ക് ശേഖരിക്കുന്നതിന് | U.P. | | |
| | കുട്ടികളുടെ ലൈബ്രറിയിലേക്ക് ആനുകാലിക പ്രസിദ്ധീകരണങ്ങൾ ന്യൂസ്പേപ്പർ ഇവ ലഭ്യമാക്കൽ. | L.P<br>U.P | | അദ്ധ്യാപകർ |
| കുട്ടികളുടെ അറിവും കഴിവും മാനസികോല്ലാസവും ചിന്താശേഷിയും വർദ്ധിപ്പിക്കൽ | ക്ലാസ് ലൈബ്രറി വിപുലീകരിക്കൽ<br>കുട്ടികളുടെ നിലവാരത്തിന് അനുയോജ്യമായ വിജ്ഞാന പ്രദങ്ങളായ പുസ്തകങ്ങൾ, ബാലസാഹിത്യകൃതികൾ, പുരാണ കഥകൾ, ഗുണപാഠകഥകൾ, നിഘണ്ടു, പത്രം മുതലായവ | L.P. | ഹ്രസ്വ കാലം | കുട്ടി ലൈബ്രേറിയൻ |
| വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരം ഒരുക്കൽ<br>വായനയിൽ താല്പര്യം വർദ്ധിക്കുന്നു. കുട്ടുകൾ സ്വന്തമായി പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിന് പ്രാപ്തരാക്കുക. | റഫറൻസ് ലൈബ്രറി മെച്ചപ്പെടുത്തൽ<br>ചെറുകഥകൾ, നോവലുകൾ, കവിതകൾ, വിജ്ഞാനപ്രദങ്ങളായ പുസ്തകങ്ങൾ, വിവിധ വിഷയങ്ങൾ വിഷയാനുബന്ധ സി.ഡികൾ മുതലായവ.. | U.P. | | |
| | വിജ്ഞാന വേദി<br>ആസ്വാദനക്കുറപ്പ്, വായനാക്കുറിപ്പ്, അവലോകനങ്ങൾ തുടങ്ങിയവ പങ്കുവയ്ക്കുന്നു. പ്രശ്നോത്തരിക്ക് പ്രാധാന്യം, ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, അദ്ധ്യാപക ലൈബ്രറി എന്നിവയുടെ ലൈബ്രേറിയന്മാർ നേതൃത്വം നൽകുന്നു. | L.P | ഹ്രസ്വ കാലം | അദ്ധ്യാപകർ |

ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തലം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കൽ | 1. കാർഷീക ക്ലബ്ബ് രൂപീകരണം | | | | |
| | 2. അടുക്കളത്തോട്ടം -വീട്ടിൽ | | ഹ്രസ്വ കാലം | | H. M. |
| | 3. പച്ചക്കറിത്തോട്ടം - വിദ്യാലയത്തിൽ | U.P. | | സയൻസ് ക്ലബ്ബ് | PTA |
| | 4. കർഷകരുമായി അഭിമുഖം | | | | |
| ശാസ്ത്രം പ്രായോഗീക തലത്തിൽ | 5. കൃഷി ആഫീസ് സന്ദർശനം സേവനങ്ങൾ ഉപയോഗപ്പെടുത്തൽ | | | | കൃഷി ആഫീസ് |
| | 6. ജൈവകൃഷിത്തോട്ടം - പരിപാലനം | | | | |
| | 7. ജൈവ ഉദ്യാനം | | ദീർഘ കാലം | കാർഷീക ക്ലബ്ബ് | |
| | 8. ജൈവ വേലി | | | | |
| | 9. ശലഭോദ്യാനം | | | | |
| | 10. പക്ഷികളെ ആകർഷിക്കൽ | | | | |
| | 1 മുതൽ 10 വരെ പ്രവർത്തനങ്ങൾക്ക് സയൻസ് ക്ലബ്ബ്, കാർഷീക ക്ലബ്ബ് ഇവ രൂപീകരിച്ച് കുട്ടികളിൽ അഭിരുചി വർദ്ധിപ്പിക്കുകയും ജീവിതശീലമാക്കി മാറ്റുവാനും പ്രേരിപ്പിക്കുന്നു. | | | | |
| | 11. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ - മണ്ണ് പരിശോധന, മണ്ണൊലിപ്പ് തടയൽ.... | | | | |
| ശാസ്ത്രം - പ്രകൃതി സംരക്ഷണത്തിന് | 12. ജലസംരക്ഷണ പ്രവർത്തനങ്ങൾ. മഴക്കുഴികൾ, മഴവെള്ള സംഭരണി പോസ്റ്ററുകൾ.... | | | | |
| | 13. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ക്ലാസ്സുകളിലും സ്കൂളിലും ജൈവമാലിന്യവും അജൈവ മാലിന്യവും നിക്ഷേപിക്കുവാൻ ബോക്സുകൾ ശാസ്ത്രീയമായി ഇവ സംസ്കരിക്കൽ | | ദീർഘ കാലം | | |
| | 14. ഐ.സി.റ്റി., സാധ്യതകൾ, പഠനം ലളിതവും സമഗ്രവുമാക്കി മാറ്റൽ. | | | | |

പോഷകാഹാരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തലം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| പോഷകാഹാരം: ആരോഗ്യമുള്ള മനസ്സിനും ശരീരത്തിനും പഠനത്തിനും | എല്ലാ ദിവസവും പ്രഭാതഭക്ഷണം നൽകൽ<br>ആഴ്ചയിൽ 2 ദിവസം പാൽ. 1 ദിവസം മുട്ട നൽകുന്നു.<br>ഉച്ചഭക്ഷണത്തിൽ വ്യത്യാസ്തമായ കറികൾ ഓരോ ദിവസവും<br>വിശേഷ ദിവസങ്ങളിൽ പ്രത്യേക ഭക്ഷണം, പായസം നൽകുന്നു. | സ്കൂൾ തലം. | | H. M. ഉച്ചഭക്ഷണത്തിന്റെ ചാർജ്ജ് ഉള്ള അദ്ധ്യാപകർ<br>PTA | ഫണ്ട് സ്പോൺസേഴ്സ് |

ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തലം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഗണിതത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിയ്ക്കുന്നതിന് | സംഖ്യാബോധം, സങ്കലനം, ഗുണനം എന്നിവയുടെ പട്ടികകൾ എന്നിവ കുട്ടികളിൽ ഉറപ്പിക്കുന്നു | L.P.<br>U.P. | 2 മാസം | അദ്ധ്യാപകർ | PTA Fund |
| | ചതുഷ്ക്രീയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | | | | |
| ഗണിതത്തിൽ കൂടുതൽ താല്പര്യം ഉണ്ടാക്കുക | ഗണിത കേളികൾ, ഗണിത പാട്ട്, ഗണിത കഥ എന്നിവ നൽകുന്നു | L.P.<br>U. P. | 6മാസം | | |
| | വിവിധ രൂപങ്ങൾ, രൂപങ്ങൾ നിർമ്മാണം, കടംകഥകൾ ശേഖരിയ്ക്കൽ എന്നീ പ്രവർത്തനങ്ങൾ നൽകുന്നു | | വർഷത്തിൽ ഒന്ന് | | |
| കുട്ടിയെ ഗണിതത്തിൽ മികച്ചവരാക്കുക | | U. P. | വർഷത്തിൽ ഒന്ന് | അദ്ധ്യാപകർ | |
| മെന്റൽ എബിലിറ്റി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | ക്ലാസ്സുകളിൽ ഗണിത മാഗസിൻ തയ്യാറാക്കണം. പ്രോജക്ട് തയ്യാറാക്കി അവതരിപ്പിക്കുന്നു. ഗണിത ഫെസ്റ്റ് നടത്തുന്നു.<br>പ്രത്യേക പരിശീലനം നടത്തൽ | U. P. | | ഗണിത ക്ലബ്ബ് അദ്ധ്യാപകർ | |

### ഗണിതം - ഗണിത ലാബ് സജ്ജീകരിക്കൽ - ഗണിത പാർക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തലം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ | U.P. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് എസ്. ആർ. ജി. | PTA Fund |
| ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | U. P. | | ഗണിത ക്ലബ് | |

### കമ്പ്യൂട്ടർ ലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തലം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ICT സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി ക്ലാസ്സുകൾ കൈകാര്യം ചെയ്യുക. | ക്ലാസ്സുകൾ ICT സഹായത്തോടെ നടത്തുക<br>~~പ്രൊജക്ടർ സംവിധാനം ഉണ്ടാക്കുക~~ | L.P. | ദീർഘകാലം | H. M.<br>അദ്ധ്യാപകർ | വിവിധ ഫണ്ടുകൾ<br>സ്പോൺസേഴ്സ് |
| കുട്ടികൾ കമ്പ്യൂട്ടർ നിപുണത നേടുക | ഡോക്യുമെന്ററികൾ, പ്രൊജക്ടുകൾ എന്നിവ നിർമ്മിക്കുക | U. P. | | | |

### ഭിന്നശേഷിക്കാർ - മികവു പുലർത്തുന്നവർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തലം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അഭിരുചിക്കനുസരിച്ച് പഠനം | കൂടുതൽ കളി ഉപകരണങ്ങൾ, പഠനസാമഗ്രികൾ, കളറിംഗ്, ചിത്രരചനാ സാമഗ്രികൾ ഇവ ഉൾപ്പെടുത്തി പഠനത്തിൽ താത്പര്യവും കഴിവുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. | സ്കൂൾ തലം | | ക്ലാസ്സ് ടീച്ചർ<br>സ്പെഷ്യൽ ടീച്ചർ | അദ്ധ്യാപകർ<br>BRC<br>PTA<br>പൂർവ്വ വിദ്യാർത്ഥികൾ |
| മികച്ച നിലവാരം പുലർത്തുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ മികവിലേക്ക് നയിക്കുക. | നിലവാരത്തിനനുസരിച്ച് വായനാ സാമഗ്രികൾ, പുസ്തകങ്ങൾ രചനകൾക്കുള്ള അവസരം ചിത്രരചനാ വേദികൾ ഇവ അഭിരുചിക്കനുസരിച്ച് അധികസമയം കണ്ടെത്തി നൽകുന്നു.<br>രചനകൾ പ്രസിദ്ധീകരിക്കുവാൻ അവസരം ഒരുക്കുന്നു. | സ്കൂൾ തലം | | ക്ലാസ്സ് ടീച്ചർ<br>H. M. | അദ്ധ്യാപകർ<br>BRC<br>PTA |

## ശുചിത്വ ആരോഗ്യ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തലം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ശുചിത്വത്തിലൂടെ ആരോഗ്യം സ്വായത്തമാക്കുക<br><br>പ്രകൃതിയെ സംരക്ഷിക്കുക | ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ<br><br>ചവറ്റുകൊട്ട ക്ലാസ്സുകളിലും സ്കൂളിലും സ്ഥാപിക്കുന്നു<br><br>മാലിന്യ സംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കുന്നു<br><br>സെമിനാറുകൾ സംഘടിപ്പിക്കുന്നു<br><br>സ്കൂൾ പ്ലാസ്റ്റിക് രഹിത മേഖലയാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ<br><br>സ്കൂളിലും പരിസരത്തും ശുചിത്വ ആരോഗ്യ പോസ്റ്ററുകൾ സ്ഥാപിക്കുന്നു.<br><br>വാഷിംഗ് ഏരിയ വൃത്തിയാക്കുന്നതിന് കുട്ടികൾ തന്നെ മുൻകൈ എടുക്കുന്നു. | L. P.<br><br>U. P. | ഹ്രസ്വ കാലം | ഹെൽത്ത് ക്ലബ്ബ് | |

## സ്കൂൾ റേഡിയോ നിലയ പ്രക്ഷേപണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തലം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗശേഷി വികസനത്തിനും വ്യക്തിത്വ വികസനത്തിനും ഉതകുന്നു.<br><br>എല്ലാ കുട്ടികളെയും അക്ഷര സ്ഫുടതയും ഉച്ചാര ശുദ്ധിയും ഉളവാകുന്നു | എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചയ്ക്ക് 12.15 മുതൽ 1 വരെ ഓരോ ആഴ്ചകളിലും ഓരോ ക്ലാസ്സ് പ്രക്ഷേപണം നടത്തുന്നു. പൊതുവായ അവതരണം സ്കൈലൈൻ അവതാരകർ നിർവ്വഹിക്കുന്നു.<br><br>വിവിധ പഠന പ്രക്രീയകൾ | L. P.<br><br>U. P. | എല്ലാ വർഷവും ജൂൺ മുതൽ മാർച്ച് വരെ<br><br>2 മാസം ജൂൺ ജൂലൈ | ടീച്ചർ റേഡിയോ ക്ലബ്ബ് അവതാരകർ<br><br>ക്ലാസ്സ് ടീച്ചേഴ്സ് | |

### ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തലം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്. ആർ. ജി. യിൽ രൂപപ്പെടുത്തുന്നു. കലണ്ടർ തയ്യാറാക്കുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘിടിപ്പിക്കുന്നു. വേണ്ട സാഹചര്യങ്ങളിൽ പ്രമുഖവ്യക്തികളെ ഉൾപ്പെടുത്തുന്നു. | L.P. U. P. | വർഷത്തിൽ ആവശ്യാനുസരണം | എസ്. ആർ. ജി. | |
| | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ചാർട്ട്, പോസ്റ്ററുകൾ, പതിപ്പുകൾ എന്നിവ നിർമ്മിക്കുന്നു. അവയ്ക്ക് സമ്മാനങ്ങൾ നൽകുന്നു | L. P. U. P. | | | |

### G. K.ബോക്സ് – മത്സര പരീക്ഷാ പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തലം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| കൂടുതൽ അറിവ് കൂടുതൽ വേഗത്തിൽ നേടുക.<br><br>പത്രവായന ശീലമാക്കുക. | ന്യൂസ്പേപ്പറിൽ നിന്ന് L.P./U.P. നിലവാരത്തിലുള്ള ഓരോ ചോദ്യങ്ങൾ കണ്ടെത്തി നോട്ടീസ് ബോർഡിൽ ഇടുന്നു. ശരിയുത്തരം ബോക്സിൽ നിന്നും കണ്ടെത്തി നറുക്കെടുപ്പിലൂടെ വിജയിയെ കണ്ടെത്തി.<br>ഒരു ക്ലാസിൽ നിന്നും 10 ചോദ്യങ്ങൾ<br>ഓരോ മാസവും ക്വിസ് - വ്യത്യസ്ത വിഷയങ്ങളിൽ<br>വർഷാവസാനം മെഗാ ക്വിസ്<br>സ്കൂൾ വാർഷികത്തിൽ സമ്മാനം | L.P.<br>U.P. | എല്ലാ വർഷവും (ഹ്രസ്വ കാലം) | അദ്ധ്യാപകർ | സ്പോൺസർമാർ |

### ശിശുസൗഹൃദ കാമ്പസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തലം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| വിശ്രമം, വിനോദം എന്നിവയിലൂടെയുള്ള പഠനം | ആൽ മരച്ചുവട്ടിൽ കുട്ടികൾക്ക് വായനയ്ക്കായി ചാരു ബഞ്ചുകൾ സ്ഥാപിക്കുന്നു<br>ആൽമരചുവട് തുറന്ന ലൈബ്രറി ആയി പ്രവർത്തിക്കുന്നു.<br>കിഡ്സ് പാർക്കിനോട് ചേർന്ന് കുട്ടികൾ ഒഴിവുസമയങ്ങളിൽ വിശ്രമിക്കുന്നതിന് വള്ളിക്കുടിലുകൾ സ്ഥാപിക്കുന്നു.<br>മുള, കയർ ഇവ ഉപയോഗിച്ചുള്ള ഇരിപ്പിടങ്ങൾ സ്ഥാപിക്കുന്നു.<br>കൂൺ കുടകൾ സ്ഥാപിക്കുന്നു<br>ലോൺ വെച്ചു പിടിപ്പിക്കുന്നു. | L. P.<br>U. P. | മദ്ധ്യ കാലം | അദ്ധ്യാപകർ<br>PTA | പൂർവ്വ വിദ്യാർത്ഥികൾ<br>അഭ്യുദയ കാംക്ഷികൾ |

### സ്കൂൾ മാഗസിൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തലം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| സ്കൂളിലെ എല്ലാ കുട്ടികൾക്കും സ്വന്തം കൈയ്യെഴുത്ത് മാഗസിൻ<br>സ്കൂളിന് പൊതു മാഗസിൻ | ദിനാചരണങ്ങളിൽ, വിശേഷ ദിവസങ്ങളിൽ സ്വയം രചനയുള്ള അവസരം നൽകുന്നു.<br>പതിപ്പുകൾ, പോസ്റ്റർ, ചിത്രരചന, ഓണപ്പതിപ്പുകൾ ഉണ്ടാക്കുന്നു.<br>സ്വയം രചനകൾ, ശേഖരണങ്ങൾ എന്നിവ ഉൾപ്പെടുത്തുന്നു. | L.P.<br>U.P. | 10 മാസം | കുട്ടികൾ<br>അദ്ധ്യാപകർ | |

## മണ്ണുസംരക്ഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തലം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| മണ്ണു സംരക്ഷണത്തിന്റെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുക. പ്രകൃതിയെ സംരക്ഷിക്കുക. | മരങ്ങൾ വച്ചു പിടിപ്പിക്കുക<br>മണ്ണൊലിപ്പ് നേരിടുന്ന ഭാഗങ്ങളിൽ പുല്ലും സസ്യങ്ങളും വയ്ക്കുക, തട്ടുകളായി തിരിക്കുക<br>പരിസ്ഥിതിക്ക് ദോഷം വരുത്തുന്ന പ്ലാസ്റ്റിക്, ഇ- വെയ്റ്റുകൾ മണ്ണിൽ നിക്ഷേപിക്കാതെ ശേഖരിച്ച് സംസ്ക്കരിക്കുക<br>മണ്ണുപരിശോധന നടത്തി ഗുണത നിലനിർത്തുക | School | ദീർഘകാലം | ക്ലബ്ബുക | H.M. PTA വിവിധ സംഘടനകൾ |

## സ്കൂൾ കലണ്ടർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തലം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| സ്കൂൾ മികവുകൾ സാമൂഹവുമായി പങ്കുവയ്ക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങളും സാധാരണ ദിവസ കലണ്ടറും ചേർത്ത് അച്ചടിച്ച് രക്ഷിതാക്കൾക്കും പൊതു സമൂഹത്തിനും നൽകൽ. | സ്കൂൾ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. ആർ.ജി. പി.ടി.എ. | PTA |

## ലഹരി വിമുക്ത സമൂഹം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തലം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ലഹരി വിരുദ്ധ ചിന്താധാരയിലൂടെ കുട്ടികളെ നയിക്കുക. ഭവനങ്ങളിൽ പഠനാന്തരീക്ഷവും സമാധാനവും നൽകുക. | ബോധവൽക്കരണ ക്ലാസ്സുകൾ, റീൽസ്, ഫ്ലാഷ് മോബ്<br>ലഹരി വിരുദ്ധ പോസ്റ്ററുകൾ ഭവനങ്ങളിൽ എത്തിയ്ക്കൽ<br>എന്റെ ഭവനം മദ്യരഹിത ഭവനം സ്റ്റിക്കറുകൾ ഭവനങ്ങളിൽ ഒട്ടിക്കുന്നു<br>തെരുവു നാടകം<br>ഡോക്യുമെന്ററി നിർമ്മാണം - പ്രദർശനം, ഷോർട്ട് ഫിലിം | സ്കൂൾ, സമൂഹം | മധ്യകാലം | അദ്ധ്യാപകർ | PTA |

## സാമൂഹികം - ജീവകാരുണ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തലം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| വിദ്യാലയം ജീവ കാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ | കുട്ടികൾ, അദ്ധ്യാപകർ, പി.റ്റി.എ. എന്നിവരുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ അനാഥാലയങ്ങൾ ആശുപത്രികൾ എന്നിവയ്ക്ക് ഭക്ഷണം പാകം ചെയ്ത് നൽകുന്നു. | U.P. | വർഷത്തിൽ 3 പ്രാവശ്യം | എസ്. ആർ. ജി. | സ്പോൺസേഴ്സ് |
| | കാരുണ്യ ബോക്സ് - ആഴ്ചയിൽ ഒരു ദിവസം കുട്ടികളിൽ നിന്ന് ബോക്സ് കളക്ഷൻ എടുക്കുന്നു. ബുദ്ധിമുട്ട് അനുഭവിക്കുന്നവരെ (സഹപാഠികളുടെ വീടുകൾ) ഇതിൽ നിന്ന് സഹായിക്കുന്നു. | L.P. U. P. | വർഷം മുഴുവൻ | | കുട്ടികൾ അദ്ധ്യാപകർ |

## ഭൗതീകം - പദ്ധതി വിശദാംശങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചുറ്റുമതിൽ - സുരക്ഷിതമായി സ്കൂളിനെ സംരക്ഷിക്കുക | ചുറ്റുമതിൽ ആകർഷകമായി നിർമ്മിക്കുക | 2 വർഷം | PTA | 10 വർഷം |
| ഡൈനിംഗ് ഹാൾ | സൗകര്യപ്രദമായ രീതിയിൽ ശുചിത്വത്തോടെ ഭക്ഷണം കൊടുക്കുക | 1 വർഷം | PTA | 3 ലക്ഷം |
| ബാത്ത് റൂം - ശുചിത്വം ആരോഗ്യം | ആധുനിക സൗകര്യങ്ങളുള്ള ശുചിമുറികൾ | 2 വർഷം | PTA | 2 വർഷം |
| കമ്പ്യൂട്ടർ ലാബ് - സാങ്കേതിക വിദ്യാഭ്യാസം ലഭ്യമാക്കുക പ്രൊജക്റ്റർ ലാപ്ടോപ്പ് | ~~2 കുട്ടികൾക്ക് 1 കമ്പ്യൂട്ടർ എന്ന രീതിയിൽ~~ | 2 വർഷം | MP Fund MLA | 12 ലക്ഷം |
| സ്കൂൾ ഗ്രൗണ്ട് നവീകരിക്കുക - കായികാരോഗ്യം മെച്ചപ്പെടുത്തൽ | മുഴുവൻ കുട്ടികൾക്കും വിവിധ തരം കളികളിലും മത്സരങ്ങളിലും ഏർപ്പെടാൻ കഴിയുന്ന വിധത്തിൽ വിവിധ സൗകര്യങ്ങൾ ഒരുക്കിയുള്ള മൈതാനം നിർമ്മാണം | 2 വർഷം | PTA | 10 ലക്ഷം |
| ~~ബയോഗ്യാസ് പ്ലാന്റ്~~ - മാലിന്യ നിർമ്മാർജ്ജനം സംസ്കരണം - ~~പാചകത്തിന്~~ ബയോഗ്യാസ് ബിൻ ~~ലഭ്യമാക്കുക.~~ | ജൈവ മാലിന്യം ഫലപ്രദമായി സംസ്കരിക്കുന്നതിനുള്ള ക്രമീകരണം. ബയോബിൻ | 1 മാസം | പഞ്ചായത്ത് | 8000 രൂ. |

## പ്രതീക്ഷിത നേട്ടങ്ങൾ

* ശിശു സൗഹൃദ വിദ്യാലയം
* മതനിരപേക്ഷത, ദേശസ്നേഹം, ഇവ കുട്ടികളിൽ വളർത്തുക.
* ആരോഗ്യവും വ്യക്തിത്വവുമുള്ള പൗരന്മാരെ വാർത്തെടുക്കൽ
* ജൈവവൈവിധ്യം സംരക്ഷിക്കുക, ഹരിത വിദ്യാലയം
* ഭിന്നശേഷിക്കാരെയും പ്രത്യേക പരിഗണന അർഹിക്കുന്നവരെയും ഉൾക്കൊള്ളുന്ന പ്രവർത്തനങ്ങൾ
* കുട്ടികളുടെ കഴിവുകളെ കണ്ടെത്തി പരിപോഷിപ്പിക്കുക.

## ഉപസംഹാരം

അറിവിന്റെ അക്ഷയഖനിയിൽ നിന്ന് നേടുകമാത്രമല്ല കുട്ടികളുടെ കഴിവിന്റെ കാണാപ്പുറങ്ങൾ വെളിച്ചത്തെത്തിക്കുക കൂടിയാണ് അധ്യാപനത്തിലൂടെ സ്വായത്തമാക്കുന്നത്. നാളെയുടെ നന്മമരങ്ങൾക്ക് വെള്ളവും വെളിച്ചവും ജീവശ്വാസവും വിജ്ഞാനത്തിന്റെ ലഹരിയും നൽകാൻ അധ്യാപകരും മാതാപിതാക്കളും സമൂഹവും ഒന്നിച്ചു കൈകോർക്കുമ്പോൾ അതിലൊരു കണ്ണിയാകുവാൻ സെന്റ്. ജോർജ്ജ്സ് യു.പി സ്കൂളിനും സാധ്യമാകട്ടെ എന്ന ദ

"ദർശനത്തോടെ....."